പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

## പതിനൊന്നാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

**പതിനൊന്നാമത് റിപ്പോർട്ട്**

(2015 ജൂൺ മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

661/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര . | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | : ശിപാർശകളിന്മേൽ അനന്തര നടപടികൾ ആവശ്യമുള്ളവ | .. | 5 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂൺ 16-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം,
2015 ജൂൺ 30.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

# റിപ്പോർട്ട്

## അദ്ധ്യായം I

1. പിന്നോക്കസമുദായ ക്ഷേമ സമിതി (2009-11)യുടെ നാലാമത് റിപ്പോർട്ട് 2009 ജൂലൈ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ പിന്നോക്ക സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉതകുന്ന സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിയിരുന്നു. റിപ്പോർട്ടിൽ 11 മുതൽ 19 വരെ ഖണ്ഡികകളിലായി 9 ശിപാർശകളാണ് ഉണ്ടായിരുന്നത്.

2. സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 18-11-2009-ൽ ഉന്നതവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, പൊതുവിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ 13, 14, 16 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ 19-1-2011-ലും 15-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും പുനരധിവാസവും (സി), പൊതുവിദ്യാഭ്യാസ (യു) എന്നീ വകുപ്പുകളിൽ നിന്നും 18-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ 20-9-2010-ലും ചേർന്ന സമിതി യോഗങ്ങൾ പരിഗണിച്ച് അംഗീകരിച്ചു. റിപ്പോർട്ടിലെ 11-ാമത് ഖണ്ഡികയിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 19-ാമത് ഖണ്ഡികയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 14-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളും പരിഗണിച്ച 19-1-2011, 15-10-2014 എന്നീ തീയതികളിലെ സമിതി യോഗങ്ങൾ പ്രസ്തുത ശിപാർശകളിന്മേൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടു. 16-10-2009-ലെ സ.ഉ.(എംഎസ്.) നമ്പർ 93/99/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം പിന്നോക്കസമുദായ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള ഖണ്ഡിക 19-ന്മേലുള്ള റിപ്പോർട്ട് പിന്നോക്കസമുദായ വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല.

3. സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ബന്ധപ്പെട്ട ശിപാർശകളും ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും അനന്തര നടപടികൾ ആവശ്യമുള്ളവയും ഇനിയും മറുപടി ലഭിക്കാനുള്ളവയും മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

4. അദ്ധ്യായം 3-ലെ അധികവിവരം സംബന്ധിച്ച റിപ്പോർട്ടും ശിപാർശ കളിന്മേലുള്ള റിപ്പോർട്ടും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കേണ്ടതാണ്.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 3 (ഖണ്ഡിക 13)

ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ തയ്യാറാക്കിയ ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ നിയമിക്കുന്ന അതേ പദവിയിലുള്ള മറ്റൊരു കമ്മീഷന്റെ ശിപാർശ പ്രകാരമേ സാധിക്കുകയുള്ളൂ എന്നതിനാൽ നിലവിലുള്ള SEBC ലിസ്റ്റ് പുനഃപരിശോധന നടത്തുന്നതിനും കാലോചിതമാക്കുന്നതിനും കുമാരപിള്ള കമ്മീഷന്റെ മാതൃകയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടികൾ

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25958/എൽ1/09/പജപവിവ, തീയതി 26-10-2010)

പിന്നോക്കസമുദായങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സർവ്വേ ഉടൻ നടത്താൻ ഉദ്ദേശിക്കുന്നതിനാൽ ഉടൻ ഒരു പ്രത്യേക കമ്മീഷനെ നിയമിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

### ശിപാർശ 4 (ഖണ്ഡിക 14)

പിന്നോക്കസമുദായക്കാരുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിന് സാമൂഹ്യ സാമ്പത്തിക സർവ്വേ അനിവാര്യമായതിനാൽ പ്രസ്തുത സർവ്വേ എത്രയും വേഗം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടികൾ

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25958/എൽ1/09/പജപവിവ, തീയതി 26-10-2010)

പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സർവ്വേ 2011-12-ൽ ഓർഗനൈസ് ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

ശിപാർശ 5 (ഖണ്ഡിക 15)

അലിഗഢ് ഓഫ് കാമ്പസ് യാഥാർത്ഥ്യമാക്കുന്നതിലും കാസർഗോഡ് ഗവൺമെന്റ് കോളേജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിനും കേരളത്തിന്റെ വടക്കൻ ജില്ലയിൽ കൂടുതൽ ഐ.റ്റി.ഐ, പോളിടെക്നിക്, ഹയർ സെക്കന്ററി സ്കൂളുകൾ തുടങ്ങിയവ അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ

**തൊഴിലും പുനരധിവാസവും (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 7662/സി4/10/തൊഴിൽ തീയതി 19-7-2010)

12-ാം കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ നാലാമത് റിപ്പോർട്ടിലെ 15-ാം ഖണ്ഡികയിൽ ശിപാർശ ചെയ്തതുപോലെ കാസർഗോഡ് ജില്ലയിലെ അഭ്യസ്തവിദ്യരുടെ ഉന്നമനം ലക്ഷ്യം വച്ച് ടി ജില്ലയിൽ പ്രവർത്തിച്ചുവരുന്ന രണ്ടു രണ്ടാം നിര ഐ.റ്റി.ഐ. (കയ്യൂർ ഐ.റ്റി.ഐ., കാസർഗോഡ് ഐ.റ്റി.ഐ.)കളെ ഒന്നാം നിരയിലേക്ക് ഉയർത്തുകയും രണ്ടു പുതിയ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ കൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവ പുല്ലൂർ-ഉദുമ, മടിക്കൈ എന്നിവിടങ്ങളിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

2010-11 സാമ്പത്തിക വർഷം ടി ജില്ലയിലെ സീതാംഗോളിയിൽ ഒരു പുതിയ വ്യാവസായിക പരിശീലന സ്ഥാപനം കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടി സ്ഥാപിക്കുന്നതോടെ കാസർഗോഡ് ജില്ല അഞ്ച് സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനം ഉള്ള ജില്ലയായി മാറും. ഇത് ടി ജില്ലയുടെ ഉന്നമനത്തിന് പ്രയോജനപ്രദമായിരിക്കും.

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 70445/യു3/2009/പൊവിവ. തീയതി 23-6-2010)

കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ അക്കാദമികവർഷം തന്നെ അപ്ഗ്രേഡ് ചെയ്യാനാണ് ശ്രമിക്കുന്നത്.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19809/എൽ1/10/ഉ.വി.വ. തീയതി 8-9-2010)

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്ത് 30 പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സർക്കാരിന് നൽകിയ

നിർദ്ദേശത്തിൽ 18 എണ്ണവും വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, കാസർഗോഡ് തുടങ്ങിയ വടക്കൻ ജില്ലകളിലായിരുന്നു. എന്നാൽ, നിലവിൽ പോളിടെക്നിക്കുകൾ ഇല്ലാത്ത ജില്ലകളിൽ മാത്രമേ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള പോളിടെക്നിക്കുകൾ അനുവദിക്കാവൂ എന്ന നിബന്ധനയുള്ളതിനാൽ ഈ പോളിടെക്നിക്കുകൾ ഒന്നും തന്നെ അനുവദിച്ചില്ല.

<u>ശിപാർശ 6 (ഖണ്ഡിക 16)</u>

ദാരിദ്ര്യത്തിൽ നിന്നും പിന്നോക്കാവസ്ഥയിൽ നിന്നും മോചനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25958/എഫ്1/09/പജപവവിവ. തീയതി 26-10-2010)

മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ലക്ഷ്യമാക്കി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി വായ്പകൾ നാഷണൽ ഏജൻസികളുടെ നിബന്ധനകൾക്കനുസരിച്ച് വളരെ കുറഞ്ഞ പലിശ നിരക്കിലാണ് നൽകിവരുന്നത്. (സ്വയംതൊഴിൽ വായ്പ 6%, വനിതകൾക്കുള്ള ന്യൂ സ്വർണ്ണിമ വായ്പ 4%, വിദ്യാഭ്യാസ വായ്പ 3-4%, സ്വയം സാക്ഷം വായ്പ 5%)

കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ അർഹരായ ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിനായി കോർപ്പറേഷൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) പത്രമാധ്യമങ്ങളിൽകൂടിയുള്ള ബോധവത്ക്കരണം.

(2) ആകാശവാണിയുടെ വിവിധ പരിപാടികൾ മുഖേനയുള്ള ബോധവത്ക്കരണം.

(3) പ്രാദേശിക ടി.വി. ചാനലുകൾ മുഖേനയുള്ള ബോധവത്ക്കരണം.

(4) എല്ലാ ജില്ലകളിലും ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

(5) ലഘുലേഖകൾ വിതരണം ചെയ്യുന്നു.

(6) ഇൻഫർമേഷൻ ഗൈഡ് തയ്യാറാക്കി എല്ലാ വർഷവും ജനപ്രതിനിധികൾക്ക് വിതരണം ചെയ്യുന്നു.

കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അർഹരായ ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിനും മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനത്തിനും വേണ്ടി കോർപ്പറേഷൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ശിപാർശ 8 (ഖണ്ഡിക 18)

കിർത്താഡ്സിൽ ജീവനക്കാരെ നിയമിക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും കിർത്താഡ്സിലേക്കയയ്ക്കുന്ന ഹർജികളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25935/സി1/2009/പജപവവിവ. തീയതി 8-7-2010)

കിർത്താഡ്സിലെ വിവിധ തസ്തികകളിലെ നിയമനത്തിനാവശ്യമായ സ്പെഷ്യൽ റൂൾസിന് അന്തിമ രൂപം നൽകി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഒഴിഞ്ഞുകിടന്നിരുന്ന എല്ലാ തസ്തികകളും പി.എസ്.സി.ക്ക് കിർത്താഡ്സ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കിർത്താഡ്സ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

അദ്ധ്യായം III

## ശിപാർശകളിന്മേൽ അനന്തര നടപടികൾ ആവശ്യമുള്ളവ

ശിപാർശ 1 (ഖണ്ഡിക 11)

സംവരണ സമുദായക്കാർക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യ കുറവ് ഉണ്ടാകാതിരിക്കാൻ നിയമനങ്ങളിൽ സംവരണ തത്വം കർശനമായി പാലിക്കണമെന്നും നിലവിലുള്ള 20-ന്റെ യൂണിറ്റായുള്ള നിയമന രീതി അവസാനിപ്പിച്ച് നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്നും അതിനായി, കെ.എസ്. & എസ്.എസ്.ആർ.-ലെ 14 മുതൽ 17 വരെയുള്ള നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 16404/ആർ1/09/ഉ.ഭ.പ.വ. തീയതി 3-6-2010)

1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള സംവരണ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിവരുന്നത്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14 (a) പ്രകാരം നിയമന ശിപാർശയ്ക്കായുള്ള റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത് 20-ന്റെ യൂണിറ്റടിസ്ഥാനത്തിലാണ്. ഇത് പ്രകാരം 20 ഒഴിവുകളെ ഒരു യൂണിറ്റായി എടുക്കുമ്പോൾ, ഇതിൽ 2 ഒഴിവുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 8 ഒഴിവുകൾ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമായി നീക്കിവച്ചിട്ടുണ്ട്. ബാക്കി 10 ഒഴിവുകൾ മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് നികത്തുന്നത്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14 (b) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗത്തിലോ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ മെരിറ്റിൽ പരിഗണിക്കുമ്പോൾ ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളെ ഇത് ബാധിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നിയമനത്തിനായി 20-ന്റെ യൂണിറ്റായി റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുമ്പോൾ ആദ്യത്തെ 10 റാങ്കിൽ ഉൾപ്പെട്ട എല്ലാ പേരും സാമുദായിക പരിഗണന കൂടാതെ 10 ഓപ്പൺ കോമ്പറ്റീഷൻ ടേണുകളിൽ നിയമിക്കപ്പെടുകയും 10-നുശേഷം റാങ്ക് ലഭിച്ചിട്ടുള്ള സംവരണ സമുദായക്കാർ അവരവരുടെ ടേൺ വരുന്നതായാൽ 2 മുതൽ 20 വരെയുള്ള സംവരണ ടേണുകളിൽ നിയമിക്കപ്പെടുകയും ചെയ്യും. നിലവിലുള്ള വ്യവസ്ഥ പ്രകാരം 20 ഒഴിവുകളിലേക്ക് നിയമനം നടത്തുമ്പോൾ 10 ഒഴിവുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മറ്റ് പിന്നോക്ക വിഭാഗത്തിൽ നിന്നും ഉള്ള സംവരണ തത്വ പ്രകാരവും 10 ഒഴിവുകൾ മെരിറ്റ് പ്രകാരവും ആണ് നികത്തുന്നത്.

23-5-2008-ലെ 1697/07 നമ്പർ റിട്ട് അപ്പീലിന്മേലുള്ള ബഹു. ഹൈക്കോടതി വിധിയിൽ ഓരോ സമയത്തും റിപ്പോർട്ട് ചെയ്യുന്ന മൊത്തം ഒഴിവുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് നിയമന ശിപാർശ നൽകണമെന്ന് ഉത്തരവായിരുന്നു. ടി വിധി എല്ലാ തസ്തികകളിലെയും നിയമന ശിപാർശയ്ക്കും ബാധകമാക്കിക്കൊണ്ട് 11-11-2008-ലെ 28435/08 തുടങ്ങിയ റിട്ട് പെറ്റിഷനുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ ഉത്തരവായി. ഇതിനെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ സുപ്രീം കോടതി 30-3-2009-ൽ പുറപ്പെടുവിച്ച വിധിയിൽ നിലവിലുള്ള സംവരണതത്വങ്ങൾ തുടരാൻ

ഉത്തരവാകുകയും ചെയ്തു. നിലവിലുള്ള 20-ന്റെ യൂണിറ്റായുള്ള നിയമന രീതി അവസാനിപ്പിച്ച് നിയമനവും സംവരണവും 50:50 അനുപാതത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്നും അതിനായി, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ 14 മുതൽ 17 വരെയുള്ള നിയമന ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നുള്ള പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. പി.എസ്.സി. നിയമനങ്ങളിലെ റൊട്ടേഷൻ സംബന്ധിച്ച നിലവിലുള്ള യൂണിറ്റ് സമ്പ്രദായം തുടർന്നാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25958/എഫ്1/09/പ.ജ.പ.വ.വി.വ. തീയതി 26-10-2010)

പി.എസ്.സി. നിയമനങ്ങളിൽ നിലവിലുള്ള യൂണിറ്റ് സമ്പ്രദായം തന്നെ തുടർന്നാൽ മതിയെന്നും ടി വിഷയത്തിൽ കൂടുതൽ പഠനം നടത്തേണ്ടതില്ല എന്നും ബഹു. മുഖ്യമന്ത്രി 27-3-2010-ൽ ഉത്തരവായിട്ടുണ്ട്. (ഫയൽ നമ്പർ 520/എഫ്3/07/പ.ജ.പ.വ.വി.വ.)

### സമിതി ആവശ്യപ്പെട്ട അധികവിവരം

ഒരു സമയം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ 20-ൽ കൂടുതൽ ആണെങ്കിൽ അവയെ ഒറ്റ യൂണിറ്റായി പരിഗണിച്ച് നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിൽ ആക്കുന്നതിന് ഗവൺമെന്റിനുള്ള പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്നും പി.എസ്.സി. നിയമനങ്ങളിൽ നിലവിലുള്ള യൂണിറ്റ് സമ്പ്രദായം തുടർന്നാൽ മതിയെന്ന് തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്നും അറിയിക്കുക.

### ശിപാർശ 2 (ഖണ്ഡിക 12)

ഒ.ഇ.സി. വിഭാഗത്തിൽ നിന്നും പട്ടികജാതിയിലേക്ക് ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്ന സമുദായങ്ങളെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി കേന്ദ്രസർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ 4 (ഖണ്ഡിക 14)

പിന്നോക്കസമുദായക്കാരുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിന് സാമൂഹ്യ സാമ്പത്തിക സർവ്വേ അനിവാര്യമായതിനാൽ, പ്രസ്തുത സർവ്വേ എത്രയും വേഗം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 16339/ബി1/10/പ്ലാനിംഗ് തീയതി 5-8-2014)

G.O. (Ms.) No. 24/07/SCST/DD, G.O. (Ms.) No. 44/07/SCSTDD എന്നിവ പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക സർവ്വേ കണക്കെടുപ്പ് നടത്തുന്നതിന് ഉത്തരവായിരുന്നു. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സാമൂഹ്യ സാമ്പത്തിക സർവ്വേ ഡിസംബർ 2011 മുതൽ നടത്തുന്നതിനും ആയതിനായി ഗ്രാമവികസന കമ്മീഷണറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-8-2011-ലെ G.O. (Rt.) No. 1968/11/LSGD പ്രകാരം ഉത്തരവാകുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം നടത്തുന്ന സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് സംസ്ഥാനത്തും നടത്തുന്നതിനാൽ അതിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ ഗവൺമെന്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുത സാമൂഹ്യസാമ്പത്തിക സർവ്വേയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും 27-3-2012-ലെ G.O. (Ms.) No. 51/2012/SCSTDD പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തു. ഈ വിവരം 11-9-2012-ലെ 16339/ബി1/10/പ്ലാനിംഗ് നമ്പർ കത്ത് പ്രകാരം നിയമസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 27-3-2012-ലെ G.O. (Ms.) No. 51/2012/SCSTDD നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യസാമ്പത്തിക സർവ്വേയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഉത്തരവായ സാഹചര്യത്തിൽ ഇനിയൊരറിയിപ്പ് കേന്ദ്രസർക്കാരിൽ നിന്നോ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ പിന്നോക്കസമുദായ വികസന വകുപ്പിൽ നിന്നോ ലഭിക്കാതെ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കാൻ ഈ വകുപ്പിന് കഴിയില്ല.

### <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സംസ്ഥാന സർക്കാരിന്റെ കീഴിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ നടന്നുവരുന്ന സാഹചര്യത്തിൽ 2012-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ടെന്ന മറുപടി നൽകിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുക.

### <u>ശിപാർശ 7 (ഖണ്ഡിക 17)</u>

ഇനിയും ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത സുനാമി ദുരിത ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളും ധനസഹായവും യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 9 (ഖണ്ഡിക 19)

പിന്നോക്ക വിഭാഗക്കാരുടെ അഭിവൃദ്ധിക്കും അവർക്കായി നടത്തപ്പെടുന്ന പദ്ധതികൾ കാര്യക്ഷമമായും കാലതാമസം കൂടാതെയും നടപ്പാക്കുന്നതിനായി ഒരു പിന്നോക്കസമുദായ ക്ഷേമ വകുപ്പ് രൂപീകരിക്കണമെന്ന് സമിതി ആവർത്തിച്ച് ആവശ്യപ്പെടുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25958/എഫ്1/09/പ.ജ.പ.വ.വി.വ. തീയതി 26-10-2010)

പിന്നോക്കസമുദായ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഒരു വർക്ക് സ്റ്റഡി നടത്തുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

പിന്നോക്കസമുദായ ക്ഷേമ വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് എന്തുകൊണ്ട് വർക്ക് സ്റ്റഡി നടത്തിയില്ലെന്നും നിലവിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ള വർക്ക് സ്റ്റഡി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുക.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 16.